# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 895 30.06.2015 - ൽ മറുപടിക്ക്

## അട്ടപ്പാടി മേഖലയിലെ കുടിവെള്ളവിതരണത്തിലെ അപാകതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | അട്ടപ്പാടി മേഖലയിൽ പുതൂർ, ഷോളയൂർ, അഗളി ഗ്രാമപഞ്ചായത്തുകളിൽ ജലനിധി നടപ്പിലാക്കിയിരുന്നതും പ്രവർത്തനരഹിതവുമായിരുന്ന 33 ചെറുകിട പദ്ധതികളുടെ പുനരുദ്ധാരണപ്രവൃത്തികളും ഐ.ടി.ഡി.പി. ഡെപ്പോസിറ്റ് ഉപയോഗിച്ച് 5 പ്രവൃത്തികളും പൂർത്തീകരിച്ചു. കൂടാതെ അഗളി, പുതൂർ ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള വൻകിട ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യു.ഡി. നിരക്കിൽ പുതുക്കി വരുന്നു. പദ്ധതിയുടെ ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര പൊതു ടാപ്പുകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്; | (ബി) | അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ ഒരു വർഷം 472 പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഇവിടെ വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ഷോളയൂർ ഗ്രാമപഞ്ചായത്തിലെ സാമ്പർക്കോട്, താഴെ സാമ്പർക്കോട് എന്നീ ഊരുകളിലും പുതൂർ ഗ്രാമപഞ്ചായത്തിലെ വിട്ടിയൂർ ചാളയൂർ ഊരുകളിലും ഇരുമ്പിന്റെ അംശം അളവിൽ കൂടുതൽ ഉള്ളതിനാൽ അയേൺ റിമൂവർ ഫിൽട്ടർ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | അട്ടപ്പാടിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശുദ്ധി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ ഒന്നും തന്നെ അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്നില്ല. ആയതിനാൽ അത്തരത്തിലുള്ള ഗുണനിലവാര പരിശോധന നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ